57 (1704) ജലസേചനവകുപ്പിലെ എൽ.ഡി.സി., യു.ഡി.സി. തസ്തികകൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചനവകുപ്പിൽ ആകെ എത്ര എൽ.ഡി. ക്ലാർക്കുമാരുടെയും യു.ഡി. ക്ലാർക്ക്മാരുടെയും തസ്തികകൾ ഉണ്ട്;

(ബി) ഇതിൽ എൽ.ഡി. ക്ലാർക്കുമാരെയും യു.ഡി. ക്ലാർക്കുമാരെയും എത്ര വീതം നിയമിച്ചിട്ടുണ്ട്;

(സി) യു.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) ഇപ്പോൾ നിലവിലുള്ള യു.ഡി. ക്ലാർക്കുമാരുടെ ഒഴിവിലേയ്ക്ക് എൽ.ഡി. ക്ലാർക്കുമാരിൽനിന്നും പ്രൊമോഷൻ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 936 എൽ.ഡി. ക്ലാർമാരുടെയും അത്രയും തന്നെ യു.ഡി. ക്ലാർക്കുമാരുടെയും തസ്തികകൾ ഉണ്ട്;

(ബി) എൽ.ഡി. ക്ലാർക്കുമാരുടെ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ട്. 790-ഓളം യു.ഡി. തസ്തികകളിൽ എൽ.ഡി. ക്ലാർക്കുമാരെ പ്രമോട്ട് ചെയ്ത് നിയമിച്ചിട്ടുണ്ട്.

(സി) 150-ഓളം ഒഴിവുകളുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

58 (1705) സ്വകാര്യ ഏജൻസി വഴി സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്ന നടപടി

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് സർക്കാർ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ എജൻസികൾക്ക് സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്ന എജൻസികൾ കോൺട്രാക്ട് ലേബർ (റഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട് 1970-ന്റെ പരിധിയിൽ വരുന്നുണ്ട്. എന്നാൽ പല ഏജൻസികളും ഈ നിയമം ലംഘിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കുവാൻ നടപടികൾ തൊഴിൽ വകുപ്പ് എടുത്തു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly